# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 45/2021 (ചൊവ്വാഴ്ച)** **തീയ്യതി: 08.06.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 09.06.2021 | 10.06.2021 | 11.06.2021 | 12.06.2021 | 13.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 4 | 15 | 10 | 12 | 15 |
| ഉയർന്ന താപനില (ºC) | 34 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (ºC) | 26 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 62 | 62 | 62 | 62 | 62 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 12 | 12 | 14 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 7 | 6 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 34ºC വരെയും കുറഞ്ഞ താപനില 24ºC വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർ വാർച്ച സൗകര്യം ഉറപ്പുവരുത്തുക. കാലവർഷം തുടങ്ങുന്നതിനുമുന്നേ കാര്ഷികവിളകൾക്കു വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| കുരുമുളക് | വളപ്രയോഗം | വളപ്രയോഗത്തിന്റെ ആദ്യഘട്ടം നടത്തേണ്ട സമയമാണ് ഇപ്പോൾ .<br><br>ഒരു വർഷം പ്രായം : ഈ സമയത്തു യൂറിയ 18 ഗ്രാം ,റോക്ക് ഫോസ്ഫേറ്റ് 47 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് 41 ഗ്രാം ഒരു ചെടിക്കു എന്ന അളവിൽ ചേർക്കുക .<br><br>രണ്ട് വർഷം പ്രായം : ഈ സമയത്തു യൂറിയ 37 ഗ്രാം ,റോക്ക് ഫോസ്ഫേറ്റ് 94 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് 83 ഗ്രാം ഒരു ചെടിക്കു എന്ന അളവിൽ ചേർക്കുക .<br><br>മൂന്ന് വർഷം മുതൽ : ഈ സമയത്തു യൂറിയ 54 ഗ്രാം ,റോക്ക് ഫോസ്ഫേറ്റ് 139 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് 125 ഗ്രാം ഒരു ചെടിക്കു എന്ന അളവിൽ ചേർക്കു |

| | | |
|---|---|---|
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. നല്ല മഴ കിട്ടിയതിനു ശേഷം തെങ്ങ് ഒന്നിന് 1kg എന്ന തോതിൽ തടത്തിൽ കുമ്മായം ഇട്ടുകൊടുക്കുന്നതു മണ്ണിന്റെ പുളിപ്പ് കുറയ്ക്കാൻ സഹായിക്കുന്നു. |
| പച്ചക്കറികൾ | നടീൽ | പച്ചക്കറി തൈകൾ നടുന്നതിനുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കാവുന്നതാണ്. ഇതിനായി ഒരു സെന്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാം. നഴ്സറി തൈകളിൽ 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 10g സ്യുഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. തൈകൾ നടുന്നതിനോപ്പം മണ്ണിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. കീടരോഗ നിയന്ത്രണത്തിന് ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ് ഉചിതം. വരണ്ടതോ തെളിഞ്ഞതോ ആയ കാലാവസ്ഥയിൽ മാത്രമേ സ്പ്രേയിംഗ് നടത്താവു. |